# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.12.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) വൈദ്യശാസ്ത്ര മേഖല സാമൂഹ്യ സേവനത്തിനുള്ള അവസരമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

**President Murmu said that the medical profession is not just a means of livelihood, It is a profession that contributing to the well-being of society.**

2) പ്രധാനമന്ത്രി നരേന്ദ്രമോദി കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുക്കുന്നു.

**Prime Minister Narendra Modi is participating in the Christmas celebrations organized by the Catholic Bishops' Conference.**

3) ബഹിരാകാശത്ത് വച്ച് ഉപഗ്രഹങ്ങളെ കൂട്ടിയോജിപ്പിക്കുന്ന ഐ.എസ്.ആർ.ഒ യുടെ സ്പാഡെക്സ് മിഷൻ ഈമാസം 30 ന് വിക്ഷേപിക്കും.

**ISRO's Spadex mission, which will assemble satellites in space, will be launched on the 30th of this month**

4) അഞ്ച്, എട്ട് ക്ലാസുകളിലെ നോ ഡിറ്റൻഷൻ നയം റദ്ദാക്കി കേന്ദ്രസർക്കാർ; തീരുമാനം പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം.

**Central Government has scrapped the No Detention Policy for classes five and eight;The Union Education Ministry said the decision is to improve the quality of education.**

5) **കേന്ദ്രമന്ത്രി മനോഹർ ലാൽ കേരളത്തിൽ; കൊച്ചി വാട്ടർ മെട്രോ പദ്ധതി വിലയിരുത്തി; രാജ്യത്തെ നഗര ഗതാഗത മേഖലയിൽ മെട്രോയുടെ പങ്ക് വലുതെന്ന് കേന്ദ്രമന്ത്രി.**

**Union Minister Manohar Lal reviewed the Kochi Water Metro project in Kerala; Union Minister said that the role of the metro in the country's urban transport sector is huge.**

==============================

**PRESIDENT (INTRO)**

വൈദ്യശാസ്ത്ര മേഖല കേവലം ഉപജീവനത്തിനുള്ള മാർഗം മാത്രമല്ലെന്നും സാമൂഹ്യ സേവനത്തിനുള്ള അവസരമാണെന്നും രാഷ്ട്രപതി ദ്രൗപദി മുർമു. ഡൽഹിയിൽ നടന്ന വർധമാൻ മഹാവീർ മെഡിക്കൽ കോളേജിലെ എട്ടാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഡോക്ടർമാർ രോഗികളോട് മനുഷ്യത്വപരമായി പെരുമാറണമെന്നും രാഷ്ട്രപതി പറഞ്ഞു.

**(VOICE)**

നിർമിത ബുദ്ധി , M-RNA ടെക്നോളജി, റോബോട്ടിക്സ്, 3D ബയോ പ്രിൻ്റിംഗ് എന്നിവ മെഡിക്കൽ രംഗത്ത് വൻ മാറ്റങ്ങൾ കൊണ്ടുവരും. 2047-ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ യുവ ഡോക്ടർമാർ പ്രധാന പങ്ക് വഹിക്കുമെന്നും രാഷ്ട്രപതി പറഞ്ഞു.

==============================

**PM-CHRISTMAS**

കാത്തലിക് ബിഷപ്സ് കോൺഫറൻസ് ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കുന്നു. കരോൾ ഗാനാലാപനത്തിന് പ്രധാനമന്ത്രി ഇപ്പോൾ സാക്ഷ്യം

വഹിക്കുകയാണ്. ഇതിനുശേഷം കർദിനാളുമാർ, ബിഷപ്പുമാർ തുടങ്ങിയവരുമായി പ്രധാനമന്ത്രി ആശയവിനിമയം നടത്തും.

==============================

## PM-ROZGAR MELA

രാജ്യത്ത് കഴിഞ്ഞ ഒന്നര വർഷത്തിനിടെ പത്ത് ലക്ഷത്തോളം യുവാക്കൾക്ക് സർക്കാർ ജോലി നൽകിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. 14-ാമത് റോസ്ഗർ മേളയിൽ വിവിധ കേന്ദ്ര സർക്കാർ വകുപ്പുകളിൽ 71,000-ത്തിലധികം പേർക്ക് നിയമനപത്രം കൈമാറുന്ന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പൂർണ്ണ സുതാര്യതയോടെയാണ് നിയമനങ്ങൾ നൽകിയത്. മാതൃഭാഷയിൽ പഠനവും പരീക്ഷയും നടത്തുന്നതിലൂടെ ഭാഷാ തടസ്സങ്ങൾ പരിഹരിച്ചുവെന്നും രാജ്യ വികസനം യുവാക്കളുടെ കഴിവിലും കഠിനാധ്വാനത്തിലും നേതൃത്വത്തിലുo ആശ്രയിച്ചിരിക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു. തിരുവനന്തപുരത്ത് സംഘടിപ്പിച്ച റോസ്ഗർ മേള കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു.

==============================

## ISRO SPADEX MISSION

ബഹിരാകാശത്ത് ഉപഗ്രഹങ്ങളെ കൂട്ടിയോജിപ്പിക്കുന്ന ഐ.എസ്.ആർ.ഒ യുടെ സ്പാഡെക്സ് മിഷൻ ഈമാസം 30 ന് വിക്ഷേപിക്കും. പി.എസ്.എൽ.വി സി-60 വിക്ഷേപണ വാഹനമാണ് ഉപഗ്രഹങ്ങളെ വഹിക്കുക. ഈമാസം 30 ന് രാത്രി 9.58 ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നാണ് വിക്ഷേപണം. രണ്ട് കൃത്രിമ ഉപഗ്രഹങ്ങളെ 470 കിലോമീറ്റർ ഉയരത്തിലുള്ള സർക്കുലർ ലോ എർത്ത് ഓർബിറ്റിൽ വച്ച് കൂട്ടിച്ചേർക്കുകയാണ് ദൗത്യത്തിന്റെ ലക്ഷ്യം. SDX 01 - ചേസർ, SDX

02 ടാർഗറ്റ് എന്നിവയാണ് ഉപഗ്രഹങ്ങൾ. സ്പാഡെക് പരീക്ഷണം വിജയമായാൽ ബഹിരാകാശ ഡോക്കിംഗ് സംവിധാനമുള്ള നാലാമത്തെ രാജ്യമായി ഇന്ത്യ മാറും. 220 കിലോ ഗ്രാം ഭാരമാണ് ഓരോ പേടകത്തിനും ഉള്ളത്. ഇന്ധനവും ഊർജ്ജവും കൈമാറാനും ഒരൊറ്റ പേടകം പോലെ പ്രവർത്തിക്കാനും ഇവയ്ക്ക് സാധിക്കും. 66 ദിവസം കൊണ്ടാകും പരീക്ഷണം പൂർത്തിയാവുക.

==============================

## JAISHANKAR VISIT

വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ ആറ് ദിവസത്തെ സന്ദർശനത്തിനായി നാളെ അമേരിക്കയിൽ എത്തും. സന്ദർശന വേളയിൽ ഉഭയകക്ഷി, പ്രാദേശിക, ആഗോള വിഷയങ്ങൾ അദ്ദേഹം ചർച്ച ചെയ്യും. അമേരിക്കയിലെ ഇന്ത്യൻ കോൺസൽ ജനറൽമാരുടെ സമ്മേളനത്തിലും അദ്ദേഹം അധ്യക്ഷനാകും.

==============================

## CISF-POSTING POLICY

കേന്ദ്ര വ്യവസായ സുരക്ഷാസേനയായ C.I.S.F പുതിയ നിയമന നയം അവതരിപ്പിച്ചു. ആദ്യമായി ചോയ്സ് അധിഷ്ഠിത പോസ്റ്റിംഗ് അവതരിപ്പിച്ചതായി സിഐഎസ്എഫ് ഐജി ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഓരോ ഉദ്യോഗസ്ഥർക്കും ഇഷ്ടമുള്ള പത്ത് സ്ഥലങ്ങൾ നിയമനത്തിനായി തിരഞ്ഞെടുക്കാനുള്ള അവസരമുണ്ടാകും. രണ്ട് വർഷത്തിനുള്ളിൽ വിരമിക്കുന്ന ഉദ്യോഗസ്ഥർക്ക് അവർ തിരഞ്ഞെടുക്കുന്ന മൂന്ന് സ്ഥലങ്ങളിൽ ഒരിടത്ത് നിയമനം നൽകും. സ്ത്രീകളുടേയും ദമ്പതികളുടേയും കാര്യത്തിൽ, ആറ് വർഷത്തെ സേവനത്തിന് ശേഷം,നിയമനം ആഗ്രഹിക്കുന്ന കേന്ദ്രങ്ങൾ തിരഞ്ഞെടുക്കാൻ അവസരം ഉണ്ടാവും. കൂടുതൽ കാര്യക്ഷമതയും

സംതൃപ്തിയുമുള്ള സേനയെ സൃഷ്ടിക്കുക എന്നതാണ് ഈ നയത്തിൻ്റെ ലക്ഷ്യമെന്ന് ഐ ജി പറഞ്ഞു.

==============================

## KERALA –MANOHARLAL

കേന്ദ്ര ഊർജ്ജ നഗരകാര്യ മന്ത്രി മനോഹർ ലാൽ കൊച്ചിയിൽ വാട്ടർ മെട്രോയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. രാജ്യത്തെ നഗര-ഗതാഗത മേഖലയിൽ മെട്രോയുടെ പങ്ക് വലുതാണെന്ന് അദ്ദേഹം പറഞ്ഞു. കൊച്ചി വാട്ടർ മെട്രോ പദ്ധതി കാണാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു. വിമാനത്തിലേതിന് സമാനമായ സൗകര്യങ്ങളാണ് വാട്ടർ മെട്രോയിൽ ഉള്ളതെന്നും അദ്ദേഹം പറഞ്ഞു. മെട്രോ സംവിധാനം പ്രയോഗികമല്ലാത്ത കേരളത്തിലെ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കാൻ ഏറ്റവും അനുയോജ്യമായ സംവിധാനം RRTS ആണെന്നും ശ്രീ.മനോഹർലാൽ അഭിപ്രായപ്പെട്ടു. കൊച്ചി - കോയമ്പത്തൂർ RRTS സംബന്ധിച്ച് സാധ്യതാ പഠനം നടത്തുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

==============================

## LAKSHWADEEP– MANOHAR LAL KHATTAR

ലക്ഷദ്വീപിൻ്റെ ഊർജ്ജ മേഖലയിൽ ഡീസൽ ഉപഭോഗം കുറച്ച് കൂടുതൽ സോളാർ വൈദ്യുതി ഉൽപാദന പദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നതായി കേന്ദ്രമന്ത്രി മനോഹർ ലാൽ. കവരത്തി സ്മാർട്ട് സിറ്റി പദ്ധതി സമയബന്ധിതമായി പൂർത്തികരിക്കുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

==============================

## DETENTION POLICY SCRAPPED (INTRO)

അഞ്ച്, എട്ട് ക്ലാസുകളിലെ നോ ഡിറ്റൻഷൻ നയം റദ്ദാക്കി കേന്ദ്രസർക്കാർ. മുൻപ് അഞ്ച്, എട്ട് ക്ലാസുകളിലെ വാർഷിക പരീക്ഷയിൽ പരാജയപ്പെട്ടാലും അടുത്ത ക്ലാസ്സുകളിലേയ്ക്ക് സ്ഥാന കയറ്റം നൽകുമായിരുന്നു. എന്നാൽ പുതിയ നയം അനുസരിച്ച് പരാജയപ്പെടുന്ന വിദ്യാർഥികൾക്ക് രണ്ടു മാസത്തിനുള്ളിൽ പരീക്ഷയെഴുതാൻ വീണ്ടും അവസരം നൽകും. തുടർന്നും പരീക്ഷയിൽ പരാജയെപ്പെടുന്നവർക്ക് സ്ഥാനക്കയറ്റം ലഭിക്കില്ല. എന്നാൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാകുന്നതുവരെ വിദ്യാർത്ഥികളെ സ്കൂളിൽ നിന്നും പുറത്താക്കില്ലെന്നും വിദ്യാഭ്യാസ സെക്രട്ടറി സഞ്ജയ് കുമാർ പറഞ്ഞു. കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനാണ് തീരുമാനമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

(വോയിസ്)

==============================

## FOREST POLICY – KERALA

കേരളത്തിൻറെ വന - നിയമ ഭേദഗതിയിൽ ആശങ്ക വേണ്ടെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. സർക്കാരിന് മുൻവിധി ഇല്ലെന്നും ഇപ്പോഴുള്ളത് അനാവശ്യ വിവാദമാണെന്നും മന്ത്രി കോഴിക്കോട് പറഞ്ഞു. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത രൂപത്തിലാണ് ബിൽ നിയമസഭയിൽ വരുകയെന്നും വിവാദങ്ങളിൽ നിന്ന് ബന്ധപ്പെട്ടവർ പിൻതിരിയണമെന്നും അദ്ദേഹം പറഞ്ഞു.

==============================

## GOOD GOVERNANCE

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ മാലിന്യത്തിൽ നിന്ന് വരുമാനം നേടുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിച്ചതായി

കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ സദ്ഭരണത്തെക്കുറിച്ചുള്ള ദേശീയ ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പേപ്പർ ഫയലുകൾ കുറയ്ക്കുന്നതും ഉപേക്ഷിക്കപ്പെട്ട കസേരകളും കമ്പ്യൂട്ടറുകളും പോലുള്ള പാഴ് വസ്തുക്കൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക ആഘാതം സംബന്ധിച്ചും ശുചിത്വ യജ്ഞം താഴെത്തട്ടിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള
സാധ്യതകളും കേന്ദ്ര സഹമന്ത്രി ചൂണ്ടിക്കാട്ടി.

==============================

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഒരു മത്സരം. അൽപസമയത്തിനകം ഹൈദരാബാദിലെ ഗച്ചി ബൗളി സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ ഹൈദ്രാബാദ് എഫ്.സി , നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും.

==============================

## SC-NEET

രാജ്യത്തെ ഡോക്ടർമാരുടെ ക്ഷാമം കണക്കിലെടുത്ത് നീറ്റ് യോഗ്യത പരീക്ഷയുടെ ലിസ്റ്റിൽ നിന്ന് ഒഴിവുള്ള മെഡിക്കൽ സീറ്റുകൾ നികത്താൻ പ്രത്യേക കൗൺസലിംഗ് നടത്താൻ മെഡിക്കൽ കൗൺസലിംഗ് കമ്മിറ്റിയോട് സുപ്രീം കോടതി നിർദ്ദേശിച്ചു. ഒഴിവുള്ള എൻആർഐ സീറ്റുകൾ ജനറൽ ക്വാട്ടയിലേക്ക് മാറ്റി സംസ്ഥാന അഡ്മിഷൻ അതോറിറ്റികൾ മുഖേന നികത്തണമെന്നും ജസ്റ്റിസുമാരായ ബി ആർ ഗവായ്, കെ വി വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ച് ഉത്തരവിട്ടു. ഡോക്ടർമാരുടെ ക്ഷാമം രൂക്ഷമാകുമ്പോൾ വിലയേറിയ മെഡിക്കൽ സീറ്റുകൾ പാഴാക്കരുതെന്ന് കോടതി ഉത്തരവിൽ പറഞ്ഞു. ഈ മാസം 30-ന്

മുമ്പ് പ്രവേശന നടപടികൾ പൂർത്തിയാക്കാനും അഡ്മിഷൻ അതോറിറ്റികൾക്ക് കോടതി നിർദ്ദേശംനൽകി.

================================

## NORTH COLD WAVE

ഉത്തരേന്ത്യയിൽ അതിശൈത്യം തുടരുന്നു. ജമ്മു കശ്മീർ, ഹിമാചൽ പ്രദേശ്, പഞ്ചാബ്, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ താഴ്ന്ന താപനിലയും കനത്ത മഴയും മൂലം ജനജീവിതം ദുസ്സഹമായി. ഈ സംസ്ഥാനങ്ങളിലെ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് അലർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീനഗറിൽ കുറഞ്ഞ താപനില മൈനസ് 4.6 ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തി. സമതലങ്ങളിലും താപനില കുത്തനെ കുറഞ്ഞിട്ടുണ്ട്. ചണ്ഡീഗഢിൽ 0.8 ഡിഗ്രി സെൽഷ്യസും പഞ്ചാബിലെ ആദംപൂരിൽ 1.8 ഡിഗ്രി സെൽഷ്യസും രേഖപ്പെടുത്തി.

================================

## DELHI- DAY POLLUTION

ഡൽഹിയിലെ വായുവിൻ്റെ ഗുണനിലവാരം ഗുരുതരമായി തുടരുന്നു. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൻ്റെ കണക്കനുസരിച്ച് എയർ ക്വാളിറ്റി ഇൻഡക്സ് വളരെ മോശം വിഭാഗത്തിൽ ആണ്. അടുത്ത രണ്ട് ദിവസങ്ങളിൽ ഡൽഹിയിൽ മൂടൽമഞ്ഞ് അനുഭവപ്പെടാൻ സാധ്യതയുണ്ടെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

================================================

================================